# പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.270 09.03.2015 ന് മറുപടിയ്ക്ക്.

## മാവോയിസ്റ്റ് ഭീഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയുള്ള വനപ്രദേശങ്ങൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ ഡിവിഷനുകളുടേയും, റെയിഞ്ചുകളുടേയും പരിധിയിൽ വരുന്ന പ്രദേശങ്ങളാണെന്നും വ്യക്തമാക്കുമോ; | (എ) പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ പാലക്കാട്, നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട്, സൈലന്റ്‌വാലി, കോഴിക്കോട്, വയനാട് നോർത്ത്, വയനാട് സൗത്ത്, ആറളം, കണ്ണൂർ എന്നീ ഡിവിഷനുകളുടെ എല്ലാ റെയിഞ്ചുകളിലും കൊല്ലം ജില്ലയിലെ തെന്മല ഡിവിഷനിലെ ആര്യങ്കാവ് റെയിഞ്ചിലും മാവോയിസ്റ്റ് സാന്നിദ്ധ്യം കഴിഞ്ഞ 2 വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് കണ്ടെത്തിയതായ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ; | (ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് കണ്ടെത്തിയതായ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേകം സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. പട്രോളിംഗിന് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നുണ്ട്. സ്റ്റേഷൻ സംവിധാനം ശക്തിപ്പെടുത്താനും, വയർലസ് നെറ്റ് വർക്ക്, ഫോറസ്റ്റ് സ്റ്റേഷൻ, ആയുധങ്ങൾ, വാഹനങ്ങൾ, ക്യാമറ, തോക്ക് എന്നിവക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ഭീഷണി തീവ്രവാദികളിൽ നിന്നും ഉണ്ടായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ഓഫീസ് അടിച്ചു തകർക്കൽ, വാഹനത്തിന് തീ വെയ്ക്കുക തുടങ്ങിയ തരത്തിലുള്ള ഭീഷണി ഉണ്ടായിട്ടുണ്ട്.<br>വന്യജീവി സർക്കിളിന്റെ പരിധിയിലുള്ള സൈലന്റ്‌വാലി ഡിവിഷനു കീഴിലെ സൈലന്റ്‌വാലി നാഷണൽ പാർക്ക് റെയിഞ്ച് ഓഫീസ് 22.12.2014 ൽ ആക്രമിക്കുകയും, ഓഫീസ് ഉപകരണങ്ങൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ നശിപ്പിക്കുകയും ഓഫീസിന്റെ പോർച്ചിൽ പാർക്ക് ചെയ്തിരുന്ന ഡിപ്പാർട്ട്മെന്റ് ജീപ്പ് തീയിട്ടു നശിപ്പിക്കുകയും ചെയ്തു. ഭവാനി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ഹാവ്‌ലോക്ക് ക്യാമ്പ് ഷെഡ് അഗ്നിക്കിരയാക്കുകയുണ്ടായി. കൂടാതെ സൈലന്റ്‌വാലി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വാളക്കാട് സെക്ഷനു കീഴിലുള്ള റ്റി.കെ.കോളനിയിൽ 22.11.13 ൽ ജീവനക്കാർക്കു നേരെ വെടിവയ്പ്പ് ഉണ്ടായെങ്കിലും അത്യാഹിതം സംഭവിച്ചില്ല.<br>പാലക്കാട് ഈസ്റ്റേൺ സർക്കിളിനു കീഴിലുള്ള നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട് എന്നീ ഡിവിഷനുകളിൽ 2013 മുതൽ മോവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |

നോർത്തേൺ സർക്കിൾ കണ്ണൂരിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ ആയുധധാരികളായവരെ കണ്ടുവെന്ന് അറിയിച്ച പ്രദേശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.

നോർത്ത് വയനാട് ഡിവിഷനിലെ പെരിയ റെയിഞ്ചിലെ കുഞ്ഞോം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലുള്ള കുഞ്ഞോം ഫോറസ്റ്റ് ക്വാർട്ടേഴ്സ് മാവോയിസ്റ്റുകളെന്ന് കരുതുന്നവർ 21.12.2014-ാം തീയതി അടിച്ച് തകർക്കുകയുണ്ടായി.

(ഡി) മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയ സ്ഥലങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക റിസ്ക് അലവൻസ് നൽകുന്നുണ്ടോ എന്നും എങ്കിൽ എത്ര രൂപ വീതമെന്നും, ഇല്ലെങ്കിൽ റിസ്ക് അലവൻസ് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ ;

(ഡി) ഇല്ല. ജീവനക്കാർക്ക് റിസ്ക് അലവൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഇ) മാവോയിസ്റ്റ് സാന്നിദ്ധ്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ഉണ്ടാകാവുന്ന ഭീഷണികൾ സംബന്ധിച്ച് സർക്കാരിന് ബോധ്യമുണ്ടോ എന്നും ഇത് സംബന്ധിച്ച് എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) ഉണ്ട്. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നം.69/12/വനം തീയതി 21.06.2012 പ്രകാരം സ്റ്റേഷൻ/സെക്ഷൻ/, റെയിഞ്ച്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആവശ്യാനുസരണം പോലീസ്, തണ്ടർ ബോൾട്ട് എന്നിവയുടെ സഹായം തേടാറുണ്ട്.

ക്യാമറ, തോക്ക്, ആയുധങ്ങൾ വാഹനങ്ങൾ, വയർലെസ് നെറ്റ് വർക്ക് എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) മാവോയിസ്റ്റുകൾ വനം വകുപ്പിനെ പ്രധാന ശത്രുക്കളായി കണ്ട് ഇറക്കിയ ലഘുലേഖകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് മുൻകരുതൽ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള പ്രദേശങ്ങളിൽ നിലവിലുള്ള സംരക്ഷണ ജീവനക്കാരെ നിയോഗിച്ചുകൊണ്ട് നിരീക്ഷണവും, റെയ്ഡും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്